# പലിശയുടെ സാമൂഹിക പ്രത്യാഘാതങ്ങൾ-2

● ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി

**പലിശാധിഷ്ഠിത വ്യവസ്ഥയിലേ ഉൽപാദനപരമല്ലാത്ത വായ്പകൾ ലഭിക്കൂ. ഇത് ഉൽപാദനത്തെ തളർത്തും. കടം വ്യാപകമാക്കും. രാജ്യത്ത് ബജറ്റ് ചെലവിന്റെ 46 ശതമാനമാണ് കടബാധ്യത തീർക്കാൻ വിനിയോഗിക്കുന്നത്. 18 ശതമാനം മാത്രമാണ് വികസനാനുബന്ധ ചെലവുകൾ. പലിശ ഉൽപാദനത്തെ എത്രമാത്രം ബാധിക്കുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാണ്.**

**പലിശ** സമ്പത്തിനെ ഉള്ളവർക്കനുകൂലമായി വിതരണം ചെയ്യുന്നു. വിഭവ വിന്യാസത്തെയും ഉൽപാദനത്തെയും ദോഷകരമായി സ്വാധീനിക്കുന്നു. പണപ്പെരുപ്പവും സാമ്പത്തിക മാന്ദ്യവും സൃഷ്ടിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങൾ വ്യക്തമാക്കാം.

**എ) വിഭവവിന്യാസവും പലിശയും:** നിലവിലുള്ള ആധുനിക ബാങ്കിംഗ് വ്യവസ്ഥയിൽ ജാമ്യമായി എന്തെങ്കിലും നൽകാൻ കഴിയുന്നവർക്കേ കടം ലഭിക്കുന്നുള്ളൂ. സുഊദി അറേബ്യയിലെ ഇന്റർനാഷനൽ റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടി(ഐ.ആർ.ടി.ഐ)ലെ റിസർച്ച് അഡ്വൈസറായ ഡോ. ഉമർ ചാപ്ര ഈ അവസ്ഥയെ ഇങ്ങനെ വിവരിക്കുന്നു:

"വിഭവങ്ങൾ കൈവശമുള്ളവർക്കു മാത്രം വായ്പ നൽകുകവഴി ആധുനിക സമ്പദ്‌വ്യവസ്ഥ മൂലധനത്തിന്റെ അസന്തുലിത വിതരണത്തിന് വളമേകുന്നു. അമേരിക്കയിലെ പ്രമുഖ ബാങ്കുകളിലൊന്നായ Even Morgan Guarantee Trust കമ്പനി ഇക്കാര്യം സമ്മതിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: ധാരാളം പണം ബാങ്കിന്റെ കൈവശമുള്ളപ്പോൾ പോലും ചെറുകിട ഉൽപാദകർക്കോ ബിസിനസ്സുകാർക്കോ കടം നൽകാൻ സാധിക്കുന്നില്ല. നിക്ഷേപങ്ങൾ കൂടുതലും മധ്യവർഗത്തിൽനിന്നാണെങ്കിലും അത് കടമായി ലഭിക്കുകവഴി നേട്ടം കൊയ്യുന്നത് സമ്പന്നരാണ്."

പാകിസ്താൻ കേന്ദ്ര ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് പാകിസ്താന്റെ കണക്കുകളും ഈ വസ്തുത ശരിവെക്കുന്നു. 1999 സെപ്റ്റംബറിലെ കണക്കനുസരിച്ച് പൊതുമേഖലാ ബാങ്കുകളിലെ 2184417 അക്കൗണ്ട് ഉടമകളിൽ 9269 പേർ (0.42%) ആണ് മൊത്തം വായ്പയുടെ 64.5 ശതമാനവും ഉപയോഗപ്പെടുത്തിയത്.

**ബി) ഉൽപാദനവും പലിശയും:** പലിശാധിഷ്ഠിത വ്യവസ്ഥയിൽ ജാമ്യവസ്തു കൈവശമുള്ളവർക്കേ വായ്പ ലഭിക്കൂ. വായ്പാതുക എങ്ങനെ വിനിയോഗിക്കുന്നു എന്നു നോക്കേണ്ട ബാധ്യത ബാങ്കിനില്ല. അതിനാൽ ബാങ്ക്‌വായ്പ ഉപയോഗിച്ച് ആഡംബരജീവിതം നയിക്കുന്ന പ്രവണത വർധിച്ചുവരികയാണ്. ഉൽപാദന പ്രവർത്തനത്തിന് വായ്പ വാങ്ങാൻ സമ്പന്നർക്കും താൽപര്യമില്ല. സർക്കാർ പോലും വികസനത്തിനല്ല, ധാരാളിത്തത്തിനാണ് വായ്പാതുക ചെലവഴിക്കുന്നത്. ആസൂത്രണമില്ലാതെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കാണ് ചെലവഴിക്കുന്നതേറെയും. പലിശാധിഷ്ഠിത വ്യവസ്ഥയിലേ ഉൽപാദനപരമല്ലാത്ത വായ്പകൾ ലഭിക്കൂ. ഇത് ഉൽപാദനത്തെ തളർത്തും. കടം വ്യാപകമാക്കും. രാജ്യത്ത് ബജറ്റ് ചെലവിന്റെ 46 ശതമാനമാണ് കടബാധ്യത തീർക്കാൻ വിനിയോഗിക്കുന്നത്. 18 ശതമാനം മാത്രമാണ് വികസനാനുബന്ധ ചെലവുകൾ. പലിശ ഉൽപാദനത്തെ എത്രമാത്രം ബാധിക്കുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാണ്.

**സി) വിതരണത്തിലെ പ്രത്യാഘാതങ്ങൾ:** പലിശാധിഷ്ഠിത വ്യവസ്ഥയിൽ കടം വാങ്ങുന്നവനും നൽകുന്നവനും അനീതിക്ക് വിധേയമാക്കപ്പെടുന്നു എന്ന് നാം പറഞ്ഞു. പലിശ ചെറുകിട സംരംഭകരെ തകർത്തതിന് നിരവധി ഉദാഹരണങ്ങൾ കാണാനാവും.

ആധുനിക ബാങ്കുകൾ നിക്ഷേപകരുടെ പണം സംരംഭകർക്കും മറ്റു വ്യവസായികൾക്കും കടമായി നൽകുന്നു. മിക്ക സംരംഭകരുടെയും മൊത്തം മുതൽമുടക്കിന്റെ 90 ശതമാനവും കടമാണ്. 10 മില്യൻ സ്വന്തമായി മുതൽ മുടക്കുന്നവർ 90 മില്യൻ ബാങ്കുകളിൽനിന്നും മറ്റുമായി കടം വാങ്ങി നിക്ഷേപിക്കുന്നു. എന്നാൽ സംരംഭകൻ നേടുന്ന ലാഭത്തിന്റെ 10 ശതമാനത്തിൽ താഴെ മാത്രമേ പലിശയിനത്തിൽ ബാങ്കിന് നൽകേണ്ടിവരുന്നുള്ളൂ. ബാങ്ക് ആവട്ടെ നിക്ഷേപകർക്ക് അതിലും ചെറിയ പലിശയാണ് നൽകുന്നത്. ഉൽപാദകർ തങ്ങൾ നൽകുന്ന പലിശ ഉൽപാദന ചെലവിൽ ഉൾപ്പെടുത്തുകയും തന്മൂലം വില പത്തു ശതമാനം കണ്ട് വർധിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ബാങ്കിൽ പണം നിക്ഷേപിച്ച ആളുകൾക്ക് ലഭിക്കുന്ന പലിശയേക്കാൾ കൂടുതൽ വിലവർധനവ് അഥവാ പണപ്പെരുപ്പം സമ്പദ്‌വ്യവസ്ഥയിലുണ്ടാവുന്നു. മൂലധനത്തിൽ 90 ശതമാനം സംഭാവന ചെയ്യുന്ന വിഭാഗത്തിന് ഉൽപാദനത്തിൽനിന്ന് യാതൊരു നേട്ടവുമില്ല എന്നു

മാത്രമല്ല, പലപ്പോഴും അതവരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇത് നേരത്തേ സൂചിപ്പിച്ച വായ്പ ലഭിക്കുന്ന ആളുകളുടെ എണ്ണത്തോട് ചേർത്തു വായിക്കണം. കടത്തിന്റെ 64.5 ശതമാനവും ഉപയോഗപ്പെടുത്തുന്ന 0.5 ശതമാനത്തിൽ താഴെയുള്ള ആളുകൾ മാത്രം ഉൽപാദനത്തിന്റെ നേട്ടം അനുഭവിക്കുന്നു. പലിശ സൃഷ്ടിക്കുന്ന ഭയാനകമായ അസമത്വത്തിന്റെ ആഴങ്ങളിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ഇത് കടുത്ത അനീതിയും അക്രമവുമാണ്.

പ്രമുഖ അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞൻ റോബർട്സൺ ഇക്കാര്യം തുറന്നെഴുതുകയുണ്ടായി: "പലിശ സമ്പത്തിനെ ഇല്ലാത്തവരിൽനിന്ന് ഉള്ളവരിലേക്ക് ഒഴുക്കുന്നു. മൂന്നാം ലോക രാജ്യങ്ങളെ ദാരിദ്ര്യത്തിലേക്കും കടക്കെണിയിലേക്കും നയിച്ചത് ഈ വിഭവ ചോർച്ചയാണ്. ആഗോളതലത്തിൽ ഇതു സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. കൂടുതൽ കടം നൽകുന്നവൻ കൂടുതൽ പണം സമ്പാദിക്കുന്നു. പണമില്ലാത്തവൻ കൂടുതലായി കടം വാങ്ങേണ്ടി വരികയും, അവന്റെ സമ്പത്ത് ഉള്ളവനിലേക്ക് ഒഴുകുകയും ചെയ്യുന്നു. ഏതൊരു ഉൽപന്നത്തിന്റെയും ഉൽപാദനച്ചെലവിൽ പലിശ ഉൾക്കൊള്ളുന്നു. അടിസ്ഥാനാവശ്യ പൂർത്തീകരണത്തിനുള്ള ഉൽപാദനത്തേക്കാൾ മുൻഗണന ആഡംബര വസ്തുക്കൾക്ക് ലഭിക്കുന്നു. ഈ പണവ്യവസ്ഥയെ നീതിയിലധിഷ്ഠിതവും കാര്യക്ഷമവുമാക്കി മാറ്റാനുള്ള ശ്രമങ്ങൾ അനിവാര്യമായിരിക്കുന്നു. പലിശരഹിതവും പണപ്പെരുപ്പമില്ലാത്തതുമായ വ്യവസ്ഥക്കുള്ള മുറവിളിയായിരിക്കും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഗതി നിർണയിക്കുക."

റോബർട്സൺ മറ്റൊരു പുസ്തകത്തിൽ ഇങ്ങനെ എഴുതി: "ദരിദ്രരിൽനിന്ന് സമ്പന്നരിലേക്ക്, ദരിദ്ര രാജ്യങ്ങളിൽനിന്ന് സമ്പന്ന രാജ്യങ്ങളിലേക്കുള്ള സമ്പത്തിന്റെ ഒഴുക്കാണ് ലോകമെങ്ങും നടക്കുന്നത്. പലിശയാണ് അനിയന്ത്രിതമായ ഈ ഒഴുക്കിന്റെ മൂല കാരണം."

**ഡി) പണസൃഷ്ടിപ്പും പണപ്പെരുപ്പവും:** പലിശാധിഷ്ഠിത കടങ്ങൾക്ക് ഉൽപാദനവുമായി യാതൊരു ബന്ധവുമില്ല. ജാമ്യവസ്തു നൽകുന്നവനെല്ലാം ബാങ്ക് കടം നൽകും. പണം എന്തിനു വിനിയോഗിക്കുന്നു എന്നത് പ്രശ്നമേയല്ല. ഇത് പണത്തിന്റെ ഒഴുക്കും ഉൽപാദനവും തമ്മിലുണ്ടാവേണ്ട പൊരുത്തം നഷ്ടപ്പെടുത്തുന്നു.

ബാങ്കുകളുടെ പണസൃഷ്ടിപ്പ് കൂടിയാവുമ്പോൾ സ്ഥിതി അതിലേറെ രൂക്ഷമാവുന്നു. ബാങ്കിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായാണ് പണസൃഷ്ടിപ്പ് പഠിപ്പിക്കപ്പെടുന്നത്. ഉൽപാദന വർധനവും സമൃദ്ധിയുമാണ് ഇതിന്റെ ലക്ഷ്യമായി പറയാറുള്ളത്. എന്നാൽ പണസൃഷ്ടിപ്പ് ഗുണകരമല്ലെന്നു മാത്രമല്ല ദോഷകരവുമാണ്.

പണസൃഷ്ടിപ്പിന്റെ ചരിത്രം മധ്യകാല ഇംഗ്ലണ്ടിലെ സ്വർണ വ്യാപാരികളുമായി ബന്ധപ്പെട്ടിരിക്കുന്നു. അക്കാലത്ത് ജനങ്ങൾ കൈയിലുള്ള സ്വർണനാണയങ്ങൾ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സ്വർണവ്യാപാരികളെ സൂക്ഷിക്കാനേൽപിക്കുകയും പകരമായി ഒരു റസീപ്റ്റ് നൽകുകയും ചെയ്തിരുന്നു. ക്രമേണ സാദാ റസീപ്റ്റുകൾക്കു പകരം പണത്തിന്റെ സ്ഥാനത്ത് ഉപയോഗിക്കാവുന്ന ബെയറർ റസീപ്റ്റുകൾ നൽകിത്തുടങ്ങി. കമ്പോളത്തിൽ ഇതിന് വൻ സ്വീകാര്യത ലഭിച്ചതോടെ നിക്ഷേപകരധികവും സ്വർണമാവശ്യപ്പെട്ട് വ്യാപാരികളെ സമീപിക്കാതെയായി. അതോടെ നിക്ഷേപമായുള്ള സ്വർണത്തിൽനിന്ന് വ്യാപാരികൾ പലിശക്ക് കടം നൽകാനാരംഭിച്ചു. സ്വർണനിക്ഷേപത്തിന്റെ അളവിനേക്കാൾ കൂടുതൽ റസീപ്റ്റുകൾ അച്ചടിച്ച് പലിശക്ക് നൽകാനും തുടങ്ങി. പണസൃഷ്ടിപ്പിന്റെ ചരിത്രം ഇവിടെനിന്ന് തുടങ്ങുന്നു. ക്രമേണ കരുതൽ ശേഖരത്തിന്റെ അനുപാതം കുറച്ചുകൊണ്ടുവരികയും സൃഷ്ടിക്കപ്പെടുന്ന പണത്തിന്റെയും വായ്പയുടെയും അളവ് വർധിക്കുകയും ചെയ്തു. നിക്ഷേപത്തേക്കാൾ പത്തിരട്ടിവരെ പണം സൃഷ്ടിക്കപ്പെട്ടു.

പ്രാഥമികമായി സ്വർണ വ്യാപാരികൾ അവരിൽ വിശ്വാസമർപ്പിച്ച ജനങ്ങളെ വഞ്ചിക്കുകയായിരുന്നു. ഇത് അസന്തുലിതത്വവും അനീതിയും നിറഞ്ഞ ഒരു വ്യവസ്ഥ സൃഷ്ടിച്ചു. അന്നു നടന്ന അധികാര ദുർവിനിയോഗവും ചതിപ്രയോഗവും ബാങ്കിംഗ് രീതിയായി മാറുന്നതാണ് പിന്നീട് നാം കണ്ടത്. ഇന്നത് Fractional reserve system എന്നറിയപ്പെടുന്നു.

പണസൃഷ്ടിപ്പിനെതിരെ പാശ്ചാത്യലോകത്തുനിന്നുപോലും എതിർപ്പുകൾ ഉയർന്നുവന്നിട്ടും അതിനെ സൈദ്ധാന്തികവത്കരിക്കുകയാണ് ഉണ്ടായത്. ആധുനിക ബാങ്കുകൾ ഇതനുകരിച്ച് നിക്ഷേപത്തിന്റെ പത്തിരട്ടിവരെ കടം നൽകുന്നു. മാനദണ്ഡങ്ങൾ പാലിച്ച് സർക്കാർ പുറത്തിറക്കുന്ന നാണയങ്ങളും കറൻസികളും മൊത്തം വിനിമയത്തിന്റെ ചെറിയൊരു പങ്കേ വരുന്നുള്ളൂ. ബാങ്കുകൾ സൃഷ്ടിച്ച പണമാണ് കമ്പോളത്തിൽ മേധാവിത്വം പുലർത്തുന്നത്. കടത്തിന്മേലുള്ള കടങ്ങളാണ് എങ്ങും.

ബ്രിട്ടന്റെ ഉദാഹരണം മാത്രം പരിശോധിക്കാം. 1997-ലെ കണക്കനുസരിച്ച് രാജ്യത്തെ പണസമ്പത്ത് 680 ബില്യൻ പൗണ്ടാണ്. ഇതിൽ 25 ബില്യനേ സർക്കാർ അടിച്ചിറക്കിയതായുള്ളൂ. 655 ബില്യനും ബാങ്കുകളുടെ സൃഷ്ടിയാണ്. 3.6 ശതമാനം പണമേ കടബാധ്യത ഇല്ലാത്തതായുള്ളൂ. 96.4 ശതമാനവും ഊതിവീർപ്പിക്കപ്പെട്ട വെറും കുമിളകൾ മാത്രമാണ്. വർഷം കഴിയുന്തോറും കുമിളകൾ വലുതായി വരുന്നു. ലോകത്ത് നടക്കുന്ന ഇടപാടുകളധികവും കമ്പ്യൂട്ടറുകളിലും കണക്കു പുസ്തകങ്ങളിലും മാത്രമേയുള്ളൂ. ഇവക്ക് അക്കങ്ങളുടെ സ്ഥാനമേ ഉള്ളൂ; ഉൽപാദനത്തിൽ യാതൊരു പങ്കുമില്ല.

അമേരിക്കയുടെ സ്ഥിതി അതിലേറെ ഭയാനകമാണ്. പാട്രിക് എസ്.ജെ കാർമാക്ക് (Patrick S.J Carmack), ബിൽസ്റ്റിൽ എന്നിവർ അതിനെ ഇങ്ങനെ വീക്ഷിക്കുന്നു: "കടാധിഷ്ഠിത സമ്പദ്‌വ്യവസ്ഥക്കുവേണ്ടി പണിയെടുക്കുന്നതുമൂലമാണ് നമ്മുടെ ബാധ്യത വർധിക്കുന്നത്. പണസൃഷ്ടിപ്പിനൊപ്പം അത്രതന്നെ കടവും സൃഷ്ടിക്കപ്പെടുന്നു. സ്വകാര്യ ബാങ്കുകളാണ് ഇത് ഏറിയ പങ്കും നിർവഹിക്കുന്നത്. പലിശക്കുമേൽ കടം സൃഷ്ടിക്കുകയും പണം കൈമാറുമ്പോൾ കടവും കൈമാറുകയും ചെയ്യുന്നു. കറൻസി സൃഷ്ടിക്കുന്നില്ലെങ്കിലും ബാങ്ക് കടം സൃഷ്ടിക്കുന്നു. ഈ കടങ്ങളാണ് നിക്ഷേപിക്കപ്പെടുന്നത്. സർക്കാർ ബോണ്ടുകൾ വാങ്ങുന്നതിന് ഉപയോഗിക്കുന്ന പണവും ഇതുതന്നെ. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന പണമാണ് 90 ശതമാനം പണപ്പെരുപ്പത്തിനും കാരണം."

പലിശാധിഷ്ഠിത വ്യവസ്ഥ ലോകത്തിന് സമ്മാനിച്ചത് ഇത്തരത്തിലുള്ള ദുരന്തങ്ങൾ മാത്രമാണ്. വ്യക്തികളുമായി ബന്ധപ്പെട്ട പലിശ അവരെ മാത്രം ബാധിക്കുന്നുവെന്ന് കരുതി മാറിനിൽക്കാൻ നമുക്കാവില്ല. ആഗോളതലത്തിൽ അത് സൃഷ്ടിക്കുന്ന അനീതിക്കും അസന്തുലിതത്വത്തിനും നാമെല്ലാവരും ഇരകളാണ്. ■

**വിവ: മുഹമ്മദ് പാലത്ത്**